**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-06-02-2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ എള്ള് കൃഷി വികസന പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം./601/2018/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,** 03/03/2018

പരാമർശം:- 1. ഭരണിക്കാവ് ബ്ലോക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.11.2017-ലെ അപേക്ഷ

2. 06.02.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.28-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിലെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 13,00,000/- രൂപ അടങ്കൽ തുക വരുന്ന "എള്ള് കൃഷി വികസനം" എന്ന പ്രോജക്ട് (പ്രോ.നം.39/18) ഒരു ഹെക്ടറിന് 10,000/- രൂപ കൂലി നിരക്കിൽ നടപ്പാക്കാനുള്ള അനുമതി നൽകണമെന്ന് ഭരണിക്കാവ് ബ്ലോക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം(1) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

2. 06.02.2018--ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഓണാട്ടുകരയിലെ തനത് കൃഷിയായ എള്ള് കൃഷിക്ക് കൂലി ചെലവ് കൂടുതലായതിനാൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഹെക്ടറിന് 10,000/-രൂപ കൂലി നിരക്കിൽ ആവിഷ്കരിച്ചിരിക്കുന്ന പ്രസ്തുത 'എള്ള് കൃഷി വികസനം' എന്ന പദ്ധതിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

പ്രസിഡണ്ട്/സെക്രട്ടറി ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SHAJI T R
Date: 2018.03.06 12:44:57 IST
Reason: Approved

സെക്ഷൻ ഓഫീസർ